കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പതിനാറാം സമ്മേളനം

2001 ഫെബ്രുവരി 26, തിങ്കൾ

വാല്യം: 113] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 7

നിയമസഭ 2001 ഫെബ്രുവരി മാസം 26-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നർകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ.... ഓർഡർ.....ചോദ്യം നമ്പർ 91

ഐ.ടി.സ്കൂൾ പദ്ധതി

1 (*91) ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീ. എം. വി. ജയരാജൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എം. എ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ സ്കൂൾ വിദ്യാർത്ഥികളെയും കമ്പ്യൂട്ടർ സാക്ഷരരാക്കുകയെന്ന ലക്ഷ്യത്തോടെയുള്ള 'ഐ.ടി.സ്കൂൾ' പദ്ധതിയുടെ നടത്തിപ്പിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി പ്രകാരം കമ്പ്യൂട്ടർ വിദ്യാഭ്യാസം നിർബന്ധമാക്കാൻ ഉദ്ദേശമുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഐ.ടി.സ്കൂൾ പദ്ധതി പ്രകാരം പാഠ്യപദ്ധതികളിൽ മാറ്റം അനിവാര്യമെന്ന് കരുതുന്നുണ്ടോ ; എങ്കിൽ പാഠ്യപദ്ധതികളിൽ വരുത്തേണ്ട പരിഷ്കാരങ്ങൾ സംബന്ധിച്ച് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടുവോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) ഐ.ടി. സ്കൂൾ പദ്ധതി നടപ്പാക്കുന്നതിനായി അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകുവാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഐടി. സ്കൂൾ പദ്ധതി ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെ നടപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ജി) സ്വകാര്യ സംരംഭകരുടെ സഹകരണം പ്രതീക്ഷിക്കുന്നുണ്ടോ ; എങ്കിൽ എന്തൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് എന്ന് വെളിപ്പെടുത്തുമോ ;

(എച്ച്) ഐ.ടി. സ്കൂൾ പദ്ധതിയുടെ നടത്തിപ്പിനായി നിർവാഹക സമിതികൾക്ക് രൂപം നൽകിക്കഴിഞ്ഞുവോ; വിശദാംശം വെളിപ്പെടുത്തുമോ ;

(ഐ) ഇതിനായി ഉന്നതതല ഉപദേശക സമിതിക്ക് രൂപം നൽകിയോ ; എങ്കിൽ പ്രസ്തുത സമിതിയുടെ ഘടന എന്തെന്ന് വെളിപ്പടുത്തുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ.പി.ജെ. ജോസഫ്) : സർ,

(എ) സംസ്ഥാനത്ത് ഹൈസ്കൂൾ തലത്തിൽ വിദ്യാർത്ഥികളുടെ പഠനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറിനെ ഒരു അദ്ധ്യാപന-പഠന ഉപകരണമെന്ന നിലയിൽ ഉപയോഗിക്കുകയും അതിലൂടെ കുട്ടികൾക്ക് കമ്പ്യൂട്ടർ സാക്ഷരത ഉണ്ടാക്കിക്കൊടുക്കുകയുമാണ് 'ഐ.റ്റി. അറ്റ് സ്കൂൾ' പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

(ബി) ഇക്കാര്യത്തിൽ കൈക്കൊണ്ട നടപടികൾ ചുവടെ ചേർക്കുന്നു.

1. എല്ലാ ഹൈസ്കൂൾ അദ്ധ്യാപകർക്കും പരിശീലനം നൽകുന്നതിന്റെ മുന്നോടിയായി 92 മാസ്റ്റർ ട്രെയിനർമാരുടെ പരിശീലനം പൂർത്തിയായി.

2. 34 വിദ്യാഭ്യാസ ജില്ലകളിലും ഓരോ ഹൈസ്കൂളുകൾ/ഹയർ സെക്കന്ററി സ്കൂൾ കേന്ദ്രമാക്കി അദ്ധ്യാപക പരിശീലനത്തിനുള്ള സെന്ററുകൾ കണ്ടെത്തി സജ്ജീകരിക്കാനുള്ള നടപടികൾ എടുത്തിട്ടുണ്ട്.

3. അടുത്ത അദ്ധ്യയന വർഷത്തിൽ മാറിവരുന്ന എട്ടാംക്ലാസ് പാഠ്യപദ്ധതിക്ക് അനുയോജ്യമായ വിധം ഇൻഫർമേഷൻ ടെക്നോളജി എങ്ങനെ ഉപയോഗപ്പെടുത്താമെന്ന്, അദ്ധ്യാപക സഹായിയിൽ നിർദ്ദേശം നൽകാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2001-2002-ൽ എട്ടാം ക്ലാസിൽ ഒരു ബോധന സഹായിയായും, 2002-2003 മുതൽ 8,9 ക്ലാസുകളിൽ പാഠ്യപദ്ധതിയുടെ ഭാഗമായും കമ്പ്യൂട്ടർ ഉപയോഗപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) മാറുന്ന പാഠ്യ പദ്ധതിക്ക് അനുസൃതമായി കമ്പ്യൂട്ടർ ഉപയോഗപ്പെടുത്തുകയാണ് ഉദ്ദേശം. കമ്പ്യൂട്ടറിനുവേണ്ടി പാഠ്യപദ്ധതി മാറ്റേണ്ട ആവശ്യമില്ല.

(ഇ) 'ബി' പിരിവിന്റെ ഉത്തരത്തിൽ ഇത് ഉൾപ്പെടുത്തിയിട്ടുണ്ട്.

(എഫ് & ജി) എസ്.ഐ.ഇ.ടി., എസ്.സി.ഇ.ആർ.ടി, വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ സഹായത്തോടെയാണ് 'ഐ.ടി സ്കൂൾ പദ്ധതി' മുഖ്യമായും നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ഇതിനു പുറമേ, ഇന്റൽ, മൈക്രോസോഫ്റ്റ് തുടങ്ങിയ കമ്പ്യൂട്ടർ കമ്പനികളുടെ സഹകരണവും തേടിയിട്ടുണ്ട്.

(എച്ച് & ഐ) 'ഐ. ടി.സ്കൂൾ' പദ്ധതിയുടെ നടത്തിപ്പിനായി രൂപം നൽകിയ വിവിധ സമിതികൾ അടങ്ങിയ സർക്കാർ ഉത്തരവിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നു.†

<u>ശ്രീ. എം. പി. വർഗ്ഗീസ്</u> : സർ, സംസ്ഥാനത്ത് ഏത് ക്ലാസ് മുതലാണ് കമ്പ്യൂട്ടർ പഠനം നടപ്പാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കാമോ ?

<u>ശ്രീ. പി. ജെ. ജോസഫ്</u> : സർ, 2002 ജൂൺ മുതൽ 8-ാം ക്ലാസിൽ കമ്പ്യൂട്ടർ വിദ്യാഭ്യാസം - കമ്പ്യൂട്ടറിനെപ്പറ്റിയും കമ്പ്യൂട്ടർ ഒരു പഠന സഹായിയായും (കമ്പ്യൂട്ടർ എയിഡഡ് എഡ്യൂക്കേഷൻ)- തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. എം. പി. വർഗ്ഗീസ്</u> : സർ, ഐ.ടി. സ്കൂൾ പദ്ധതിയുടെ ഭാഗമായി ഏകീകൃത മലയാളം കീ ബോർഡും സോഫ്റ്റ്വെയറും നടപ്പാക്കാൻവേണ്ടി ഏതെല്ലാം നടപടികളാണ് ഇപ്പോൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത് ?

<u>ശ്രീ. പി. ജെ. ജോസഫ്</u> : സർ, മാതൃഭാഷയിൽ പഠിപ്പിക്കുന്നതിന് ആവശ്യമായിട്ടുള്ള സംവിധാനമുണ്ടാക്കാൻ മൈക്രോസോഫ്റ്റുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്. അതിന്റെ അനന്തര ചർച്ചകൾക്കായി അവർ ഒരാഴ്ചയ്ക്കുള്ളിൽ തിരുവനന്തപുരത്തെത്തുമെന്ന് അറിയിച്ചിട്ടുണ്ട്.

<u>ശ്രീമതി ഗിരിജാ സുരേന്ദ്രൻ</u> : സർ, ഐ.ടി. പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാനത്തെ വിദ്യാഭ്യാസ സാങ്കേതിക ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് എന്തെങ്കിലും സഹായം പ്രതീക്ഷിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ ?

<u>ശ്രീ. പി. ജെ. ജോസഫ്</u> : സർ, വിവിധ ഏജൻസികളെ കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ടാണ് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികളുമായി മുന്നോട്ടു പോകുന്നത്. ഇതിൽ ഐ.ടി.വളരെ പ്രധാനപ്പെട്ട ഒരു മേഖലയായതുകൊണ്ട് ഈ രംഗത്ത് വരുത്തേണ്ട പരിഷ്കാരങ്ങൾ എന്തൊക്കെയെന്ന് റിപ്പോർട്ട് സമർപ്പിക്കാൻ 'ഐ.ടി. ഇൻ എഡ്യൂക്കേഷൻ വിഷൻ

---

†അനുബന്ധം -I

LIBRARY ARCHIVES Kerala Legislative Assembly

2010' എന്ന ടാസ്ക് ഫോഴ്സിനെ ഗവൺമെന്റ് നിയമിച്ചു. ഐ.എസ്.ആർ.ഒ. മുൻ ചെയർമാൻ യു.ആർ. റാവു, ഡിസ്കവറി ചാനലിന്റെ ചെയർമാൻ ശ്രീ. കിരൺ കാർത്തിക്, ആന്ധ്രാ പ്രദേശ് ഐ.ടി. അഡൈസർ ശ്രീ. ടി.എച്ച്. ചൗധരി എന്നിവർ അംഗങ്ങളായും ശ്രീ. ജയകുമാർ മെമ്പർ സെക്രട്ടറിയുമായി ഏർപ്പെടുത്തിയ ടാസ്ക് ഫോഴ്സ്, നവംബർ 22-ാം തീയതി ശ്രീ റാവു തന്നെ തിരുവനന്തപുരത്തെത്തി ഐ.ടി.ഇൻ എഡ്യൂക്കേഷൻ വിഷൻ 2010-ന്റെ റിപ്പോർട്ട് നൽകുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിലാണ് വിവിധ ഡിപ്പാർട്ട്മെന്റുകൾ കോ-ഓർഡിനേറ്റ് ചെയ്യണം, ആരുടെയൊക്കെ സഹായം തേടണം എന്നു തുടങ്ങിയ വ്യക്തമായ നിർദ്ദേശങ്ങൾ വന്നത്. 2010 ആകുമ്പോഴേയ്ക്കും ഐ.ടി.സ്കൂൾ കേരളത്തിലെ അറുപതു ലക്ഷം വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ വിദ്യാഭ്യാസം നൽകുന്നതാണ്. ഇൻഡ്യയിൽ ഇതേപ്പറ്റി ആധികാരികമായി പറയാൻ കഴിയുന്ന ഐ.ടി. ഇൻ എഡ്യൂക്കേഷൻ വിഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : സർ, പ്രസ്തുത പദ്ധതിയുടെ നടത്തിപ്പുമായി സംസ്ഥാന-ജില്ലാ-തദ്ദേശതലത്തിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ശ്രീ.പി. ജെ. ജോസഫ് : സർ, 34 വിദ്യാഭ്യാസ ജില്ലകളിലും ഏതാണ്ട് ഒരു ഹൈസ്കൂൾ എന്ന നിലയിൽ കേന്ദ്രങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതു മാത്രമല്ല, കേരളത്തിൽ വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടി ഏറ്റവും ആധുനിക സജ്ജീകരണങ്ങൾ ഉണ്ടാക്കിയ 14 പോളിടെക്നിക്കുകളെ കേന്ദ്രീകരിച്ച് അദ്ധ്യാപക പരിശീലനം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. 'മൈക്രോസോഫ്റ്റ്' തന്നെ 1000 അദ്ധ്യാപകർക്ക് ഈ പോളിടെക്നിക്കുകളിൽ പരിശീലനം നൽകുകയുണ്ടായി. തുടർന്ന് കേരളത്തിലെ എല്ലാ ബി.എഡ്. കോളേജുകളിലും ടി.ടി.ഐ. പരിശീലന കേന്ദ്രങ്ങളിലും ഈ പദ്ധതി നടപ്പാക്കണം. നിലവിലുള്ള അദ്ധ്യാപകരെ പരിശീലിപ്പിക്കുന്നതോടൊപ്പം ഭാവിയിൽ വരുന്ന അദ്ധ്യാപകർക്ക് ഐ.ടി.യിൽ പരിശീലനം നൽകുന്നതിന് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് പരിശീലനം നൽകാനാണ് ഉദ്ദേശിക്കുന്നത്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, (ഡി) ക്ക് മറുപടി കൊടുക്കവേ ബഹുമാനപ്പെട്ട മന്ത്രി അദ്ധ്യാപക സഹായിയെക്കുറിച്ചും പാഠ്യപദ്ധതി മാറുന്നതോടൊപ്പം മാറേണ്ട പദ്ധതിയെക്കുറിച്ചുമൊക്കെ പറയുകയുണ്ടായി. പാഠ്യപദ്ധതിയല്ല മാറുന്നതെന്ന് അദ്ദേഹം തറപ്പിച്ചു പറയുകയും ചെയ്തു. ആ സ്ഥിതിക്ക് ഇപ്പോൾ മാറ്റി പരീക്ഷിച്ചുകൊണ്ടിരിക്കുന്ന ഡി.പി.ഇ.പി. പദ്ധതിയെ എങ്ങനെ ബന്ധപ്പെടുത്തുന്നതിനാണ് ഉദ്ദേശിക്കുന്നതെന്നു അറിയാൻ കൗതുകമുണ്ട്. അക്കാര്യം വിശദീകരിക്കുമോ ?

ശ്രീ.പി. ജെ. ജോസഫ് : സർ, ഡി.പി.ഇ.പി. ഉണ്ടാക്കിയ നേട്ടങ്ങളെക്കുറിച്ച് പല പ്രാവശ്യം ഇവിടെ സംസാരിച്ചു. കേരളത്തിലെ വിദ്യാഭ്യാസ പരിഷ്ക്കാരത്തിന് ഡി.പി.ഇ.പി. എന്നാണ് പറയുന്നത് ഡി.പി.ഇ.പി. 6 ജില്ലകളിലേ നടപ്പാക്കിയിട്ടുള്ളൂ. കേരളത്തിലെ 14 ജില്ലകളിലും പുതിയ പാഠ്യപദ്ധതി നടപ്പാക്കേണ്ടതാണ്. 1997-ൽ 6 ജില്ലകളിൽ തുടങ്ങി വച്ചു. ആദ്യം 12 സംസ്ഥാനങ്ങളാണ് നടപ്പാക്കിയത്. 11

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനങ്ങൾ ഈ പദ്ധതി നടപ്പാക്കിയിട്ടില്ല. കേരളത്തിൽ 1996 സെപ്റ്റംബർ മാസത്തിൽ നടത്തിയ ഒരു അഖിലേന്ത്യാ സെമിനാറിനെത്തുടർന്ന് തിരുവനന്തപുരം ഡിക്ലറേഷൻ എന്ന രേഖതന്നെ പുറപ്പെടുവിച്ചു. അതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ വരുത്തേണ്ട വിദ്യാഭ്യാസ പരിഷ്ക്കാരങ്ങളുടെ ഫലമായി ക്വാളിറ്റി ഇമ്പ്രൂവ് ചെയ്യാൻ കരിക്കുലം മാറ്റണമെന്നും പഠന രീതിയിലും മാറ്റം വരുത്തണമെന്നും ചൈൽഡ് സെന്റേർഡ് ആയി പാഠ്യപദ്ധതി നടപ്പാക്കണമെന്നും യശ്പാൽ കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പാഠപുസ്തക ഭാരത്തിൽ നിന്ന് കുട്ടികളെ രക്ഷപ്പെടുത്തണമെന്നുമൊക്കെയുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആദ്യ വർഷം 6 ജില്ലകളിൽ 1996-ൽ ഡി.പി.ഇ.പി. നടപ്പാക്കി. 1997-ൽ 8 ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കാൻ തീരുമാനിച്ചു. അതിനു ലോക ബാങ്കിന്റെ സഹായമില്ല. ഇപ്പോൾ 7-ാം ക്ലാസ് വരെയാണ്. ആ കുട്ടികൾക്ക് അടുത്ത വർഷം കമ്പ്യൂട്ടർ എയിഡഡ് വിദ്യാഭ്യാസം കൊടുക്കുന്നതിനെക്കുറിച്ച് ആലോചിച്ചു. ഇത് വളരെ ശ്രമകരമായ ജോലിയാണ്. അദ്ധ്യാപകരെ മുഴുവൻ പരിശീലിപ്പിക്കണം. കുറഞ്ഞപക്ഷം ഗവൺമെന്റ് സ്കൂളുകളിലെങ്കിലും കമ്പ്യൂട്ടർ ലാബ് ഉണ്ടാക്കണം. അതിന് 20000 കമ്പ്യൂട്ടേഴ്സ് ആവശ്യമാണ്. ഇത് ഒരുക്കുന്നതിന് ഒരുകൊല്ലത്തെ സാവകാശം വേണമെന്നുകണ്ടതിന്റെ അടിസ്ഥാനത്തിൽ 2001 ജൂണിൽ പരിശീലനവുമായി മുന്നോട്ടുപോകണം. പാഠ്യപദ്ധതി പരിഷ്ക്കരണം ഏഴാം ക്ലാസ് വരെ എത്തി. 9,10,11,12 ക്ലാസുകളിൽ ഇപ്പോൾതന്നെ എൻ.സി.ഇ.ആർ.ടി. സിലബസ് നടപ്പിലാക്കിക്കഴിഞ്ഞു. മാറിവരുന്ന പാഠ്യപദ്ധതിക്ക് അനുസൃതമായി കമ്പ്യൂട്ടർ ഉൾപ്പെടുത്തുക എന്നതാണ് ലക്ഷ്യം. കമ്പ്യൂട്ടർ എഡ്യൂക്കേഷനിൽ വളരെ വേഗത്തിൽ കുട്ടികൾക്ക് പഠിക്കാൻ കഴിയും. ശാസ്ത്രം മാത്രമല്ല, ജിയോഗ്രഫി, ഹിസ്റ്ററി ഉൾപ്പെടെയുള്ള വിഷയങ്ങൾ വളരെവേഗത്തിൽ പഠിക്കാൻ കഴിയുന്ന രീതയിലാണ് കമ്പ്യൂട്ടർ വിദ്യാഭ്യാസം

ശ്രീ. ജോൺ ഫെർണാണ്ടസ് : 'ഐ.ടി.സ്കൂൾ പദ്ധതി' ഒരു അദ്ധ്യാപന പഠന ഉപകരണം എന്നുള്ള നിലയിലാണെന്നു അങ്ങ് മറുപടി പറഞ്ഞു. അതു വരുമ്പോൾ കേരളത്തിലെ വിദ്യാർത്ഥികൾക്കാവശ്യമായ വിവിധ വിഷയങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ ആ നിലയ്ക്ക് കമ്പ്യൂട്ടറിലൂടെ ലഭ്യമാക്കാൻ കഴിയുന്ന തരത്തിൽ നമുക്ക് സോഫ്റ്റ്വെയർ സംഘടിപ്പിക്കേണ്ടിവരും. ഇതിന് ഇന്നു കേരളത്തിലുള്ള വിദഗ്ദ്ധരെ മാത്രം ആശ്രയിച്ചാൽ പോരാതെ വരും. എന്നാൽ ഇന്നിപ്പോൾ നമ്മുടെ സർവ്വകലാശാലാതലത്തിൽ പോസ്റ്റ് ഗ്രാഡ്വേറ്റ് മേഖലയിലും പി.എച്ച്.ഡി. ലഭ്യമാക്കുന്നതിനുവേണ്ടി റിസർച്ച് ചെയ്യുന്ന വിഭാഗങ്ങൾക്കുമെല്ലാം ഒരു പ്രോജക്ട് വർക്ക് എന്നുള്ള നിലയിൽ കണ്ടുകൊണ്ട്, ഒരു പ്രോജക്ട് വർക്കിന്റെ ഭാഗമായി കമ്പ്യൂട്ടർ സോഫ്റ്റ്വെയർ ടെക്നോളജി രംഗത്തുകൂടി അവരെ ഉപയോഗപ്പെടുത്താൻ കഴിഞ്ഞാൽ നമ്മുടേതായ ഒരു സിസ്റ്റം ഉണ്ടാക്കിയെടുക്കാൻ കഴിയും. ആ നിലയിലേയ്ക്ക് ആലോചിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. പി. ജെ. ജോസഫ് : അദ്ധ്യാപകർക്കു വേണ്ടിയുള്ള ഒരു ട്രെയിനിംഗ് മോഡ്യൂളിന് നമ്മൾ രൂപം കൊടുത്തു കഴിഞ്ഞു. ആ ട്രെയിനിംഗ് മോഡ്യൂൾ രൂപീകരിക്കുവാൻ ഇൻഡ്യയിലെ പ്രമുഖ കമ്പ്യൂട്ടർ കമ്പനികളെയൊക്കെ നമ്മൾ ക്ഷണിച്ചിട്ടുണ്ട്. 22 കമ്പനികളുടെ പ്രതിനിധികൾ ടെക്നോപാർക്കിൽ ചേർന്ന സെമിനാറിൽ പങ്കെടുത്തു; കനകക്കുന്നിൽ എക്സിബിഷനിലും

LIBRARY ARCHIVES Kerala Legislative Assembly

പങ്കെടുക്കുകയുണ്ടായി. മൈക്രോ സോഫ്റ്റ് മാത്രമല്ല, ഇന്റൽ, സ്കിൽ നെറ്റ് ഇൻഡ്യ തുടങ്ങിയുള്ള എല്ലാ കമ്പനികളുമായി ചർച്ച ചെയ്ത് കേരളത്തിന് അനുയോജ്യമായ ഒരു മോഡ്യൂൾ നമ്മൾ തയ്യാറാക്കി. ആ മോഡ്യൂൾ വച്ചാണ് അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നത്. ഇതിന് ഏതെല്ലാം വിദഗ്ദ്ധരുടെ സഹായം കിട്ടുമോ അതെല്ലാം നമ്മൾ സ്വീകരിക്കുന്നുണ്ട്. ഇതിനെത്തുടർന്ന് വിദ്യാർത്ഥികളുടെ പ്രോജക്ട് വർക്കിന്റെ ഭാഗമായും ഇത് ഉൾപ്പെടുത്തുന്ന കാര്യം ഗൗരവമായിട്ട് ആലോചിക്കാം.

ശ്രീ. ഇസ്ഹാക് കുരിക്കൾ : ഐ.ടി. സ്കൂൾ പദ്ധതിയെ സംബന്ധിച്ച് അദ്ദേഹം ഇവിടെ വളരെയധികം വിശദീകരിച്ചു. ഒരു ടാസ്ക് ഫോഴ്സിനെക്കുറിച്ചും ഐ.ടി. വിഷൻ രണ്ടായിരത്തിനെക്കുറിച്ചുമൊക്കെ ഇവിടെ വിശദീകരിക്കുകയുണ്ടായി. വിവിധ കമ്പനികളുടെ സഹായത്തോടുകൂടിയാണോ അങ്ങ് സംസ്ഥാനത്ത് ഇത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്, അതോ സംസ്ഥാന സർക്കാർ സാമ്പത്തിക സഹായം നൽകി ഇതു നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിയ കമ്പ്യൂട്ടർ വിദ്യാഭ്യാസം സംസ്ഥാനത്തെ സാമ്പത്തിക പ്രയാസങ്ങളാൽ ഭൗതിക സഹായങ്ങൾ ഇല്ലാത്തതിന്റെ പേരിൽ വിഷമിക്കുകയാണ്. ഈ ഐ.ടി.സ്കൂൾ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുവാൻ ഈ വർഷത്തെ ബഡ്ജറ്റിൽ സംസ്ഥാന സർക്കാർ എത്ര രൂപ വകയിരുത്തിയിട്ടുണ്ട്? സംസ്ഥാന സർക്കാരിന്റെ വിഹിതം എത്രയാണെന്നു പറയുവാൻ അങ്ങ് തയ്യാറാകുമോ ?

ശ്രീ. പി. ജെ. ജോസഫ് : ഡി. പി. ഇ. പി. 6 ജില്ലകളിൽ നിന്നും 8 ജില്ലകളിലേയ്ക്ക് കൂടി വ്യാപിപ്പിച്ചപ്പോൾ സാമ്പത്തിക പ്രശ്നങ്ങൾ ഉണ്ടായിച്ചിരുന്നു. എത്ര ബുദ്ധിമുട്ടുണ്ടെങ്കിലും അതു നടപ്പിലാക്കണം. വിദ്യാഭ്യാസ മേഖലയിലെ മറ്റു ചില ചെലവുകൾ ചുരുക്കി 8 ജില്ലകളിലേയ്ക്കുംകൂടി ഇതു വ്യാപിപ്പിച്ചു. ഇതിൽ അദ്ധ്യാപകരുടെ സജീവമായ സഹകരണം ഉണ്ടായി. ബഡ്ജറ്റ് മണികൊണ്ട് ഒരു കാര്യവും ഇവിടെ നടക്കുകയില്ല. ഇത്തവണ മൈക്രോ സോഫ്റ്റിന്റെ ക്ഷണ പ്രകാരം സിയറ്റിൽപ്പോയി മടങ്ങുമ്പോൾ ന്യൂയോർക്കിൽ വിവിധ മലയാളി സംഘടനകളുടെ യോഗം വിളിച്ചിരുന്നു. അതിനുശേഷം 500 കമ്പ്യൂട്ടറുകൾ ഫ്രീയായി നൽകാമെന്ന ഒരു കമ്മ്യൂണിക്കേഷൻ കിട്ടിക്കഴിഞ്ഞു. വിദേശ മലയാളികളുടെ സഹായം കിട്ടും. ഗവൺമെന്റിന്റെ മണികൊണ്ടു മാത്രം ഇതു നടക്കുകയില്ല. പെന്റിയം III കിട്ടിക്കൊണ്ടിരിക്കുകയാണ്. പെന്റിയം IV വരുകയാണ്. ഇൻഡ്യയിലുള്ള പല കമ്പനികളും ഒരു വില്ലേജിലുള്ള പി.ടി.എ. അഭ്യർത്ഥിച്ചാൽ, നാലും അഞ്ചും കമ്പ്യൂട്ടറുകൾ അവർക്കു കൊടുക്കും എന്നു പറഞ്ഞിരിക്കുന്നു. അതുപോലെതന്നെ കാട്ടായിക്കോണത്തു ചെന്നാൽ കാണാൻ കഴിയും, ജനകീയാസൂത്രണത്തിൽ 8 കമ്പ്യൂട്ടറുകൾ ഗവൺമെന്റിന്റെ സഹായമില്ലാതെ കമ്പനിയോടു കടം വാങ്ങിച്ചിരിക്കുന്നു. അതിന്റെ പണം ഞങ്ങൾ പിന്നീട് കളക്ട് ചെയ്തു തരാം എന്നു പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് അങ്ങനെ ചെയ്തിരിക്കുന്നത്. അതിന്റെ ഉദ്ഘാടനത്തിനു ഞാൻ അവിടെപ്പോയിരുന്നു. ഒരൊറ്റപൈസ ഗവൺമെന്റ് കൊടുത്തില്ല. ഇതിൽനിന്നും ഈ രംഗത്ത് ജനങ്ങളുടെ ആവേശം എത്രമാത്രമുണ്ടെന്നു കാണാവുന്നതാണ്. കമ്പ്യൂട്ടർ നൽകിയ

LIBRARY ARCHIVES Kerala Legislative Assembly

കമ്പനികളോട് പിന്നീട് ഞങ്ങൾ പണം നൽകാമെന്ന് ഗ്രാമസഭകളും പി.ടി.എ. കളും പറഞ്ഞപ്പോൾ അത് വിശ്വസിച്ച് അവർ കമ്പ്യൂട്ടർ കൊടുത്തിരിക്കുകയാണ്. അതു കൊണ്ട് കമ്പ്യൂട്ടർ വിദ്യാഭ്യാസത്തിലുള്ള ജനങ്ങളുടെ ആവേശം ഈ പദ്ധതിയിലൂടെ പ്രകടമായിക്കൊണ്ടിരിക്കും. സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ഗവൺമെന്റ് ഒരു ഷെയർ കൊടുക്കും. ബാക്കിയുള്ളത് പല സ്ഥലങ്ങളിൽക്കൂടി ഞങ്ങൾ സംഘടിപ്പിക്കും; ഒരു വർഷംകൊണ്ട് തീർച്ചയായിട്ടും പ്രായോഗികമാക്കും. അതിനുള്ള പരിശീലനം വ്യാപകമായ തോതിൽ തുടങ്ങിക്കഴിഞ്ഞിരിക്കുന്നു.

റിംഗ്റോഡ് പദ്ധതി

2 (*92) ശ്രീ. കെ. പ്രകാശ് ബാബു :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. പി. നാരായണൻ :
ശ്രീ. ജോസ് ബേബി :
ശ്രീ. സി. എൻ. ജയദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെങ്കിലും നഗരങ്ങളിൽ റിംഗ്റോഡ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഏതെല്ലാം നഗരങ്ങളിൽ ഈ സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പു മന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ & ബി) തിരുവനന്തപുരം, കൊല്ലം നഗരങ്ങളിൽ റിംഗ് റോഡ് നിർമ്മാണം അതാതു നഗരങ്ങളുടെ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. കെ. പ്രകാശ് ബാബു : ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ പൊതുമരാമത്തു വകുപ്പിനു നിർദ്ദേശം നൽകിയിരുന്നോ? ഉത്തരത്തിൽ സൂചിപ്പിക്കുന്ന തരത്തിൽ തിരുവനന്തപുരം ജില്ലയിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത് പൊതുമരാമത്തു വകുപ്പാണോ? അങ്ങനെയാണെങ്കിൽ മറ്റു നഗരങ്ങൾക്കു വേണ്ടി ഇങ്ങനെയൊരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ കഴിയാതെ പോയത് എന്തുകൊണ്ടാണ്?

ശ്രീ. പി.ജെ. ജോസഫ് : തിരുവനന്തപുരത്താണെങ്കിൽ തിരുവനന്തപുരം ഡെവലപ്മെന്റ് അതോറിറ്റിയും തിരുവനന്തപുരം കോർപ്പറേഷനുമൊക്കെ മുൻകൈയെടുത്ത് ബഹുമാനപ്പെട്ട സ്പീക്കറുടേയുംകൂടി സജീവമായ നേതൃത്വത്തോടുകൂടിയാണ് ഇവിടത്തെ പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. ആ പദ്ധതി പി.ഡബ്ലിയു.ഡി.യെ ഇംപ്ലിമെന്റ് ചെയ്യാൻ ഏൽപ്പിച്ചാൽ അവർ അതു നടപ്പിലാക്കും.

ശ്രീ. കെ. പ്രകാശ് ബാബു : നമ്മുടെ നഗരങ്ങളിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനും മറ്റു നഗരങ്ങളുമായി ബന്ധപ്പെടുത്തുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേകിച്ച് മുനിസിപ്പാലിറ്റികളും

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[26.2.2001-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 1(91) ന്റെ ഉത്തരം ദയവായി കാണുക]

GOVERNMENT OF KERALA

Abstract

GEdn - IT @ School-A project to introduce Computers as an Instructional; Tool in the Secondary Schools in the State - Constitution of Project Management Committees/Team - Orders issued

GENERAL EDUCATION (D) DEPARTMENT

G.O (Rt.)4072/2000/G.Edn *Thiruvananthapuram dated 06-10-2000*

ORDER

The need to introduce computers in the classrooms as an integral part of curriculum has been engaging the attention of the Government for some time. After a series of deliberations the Consultant at the State Institute of Educational Technology has prepared a project viz. IT @ School for achieving the above objective.

2. The salient features of project are detailed below.

(i) The project proposes to introduce IT enabled teaching and learning in the High Schools of the State.

(ii) It is proposed to be implemented in stages with a view to complete it is three years.

(iii) It aims to integrate Information Technology into main stream curriculum so as to enhance the teaching - learning process as well as school administration.

(iv) IT is not to be taught as a subject but to be used as an instructional tool by the teachers themselves. Necessary changes in the school curriculum has to be carried out simultaneously.

(v) To begin with, the project will be operational in the High Schools.

(vi) It aims to empower the teachers and depends on their creativity and ingenuity rather than on readymade software.

LIBRARY ARCHIVES Kerala Legislative Assembly

(vii) It will be implemented with the support of local bodies and school community.

3. It will be implemented as a separate project within the SIET. Government are please to designate Dr. Roschen Sasikumar, Consultant. SIET as the Project Leader, Government further order the following management structure with the following Committees/Teams for operationalising the IT @ School Project.

At the apex level, there will be a Project Advisory Committee for the overall guidance of the Project with Minister (Education) as Chairman and the following members.

(i) N.Vittal (Central Vigilance Commissioner and Chairman IT Task Force, Kerala).

(ii) Prof. N.Balakrishnan (Indian Institute of Science, Bangalore)

(iii) Shri. Vijaya Ragavan (Former Director, Technopark).

(iv) Fr. Dominic George (Director Loyala College, Thiruvananthapuram).

(v) Dr.M.P.Chandrasekharan (Principal, REC, Kozhikode)

(vi) Shri. Mathuktty Sebastian (World Space)

(vii) Shri. Mathews (IBS, Kariyavattom)

Ex-Office Members

(i) Secretary, General Education - Convenor

(ii) Secretary, Information Technology

(iii) Project Leader IT @ School

(iv) Director of Public Instruction

(v) Director, State Council of Educational Research and Training

(vi) Director, SIET

II ***PROJECT CO- ORDINATION GROUP***

This group will ensure co-ordination between the various agencies and take necessary administrative, academic and financial decisions.

(i) Secretary, General Education - Chairman

(ii) Shri. C.P.Narayanan - Member

LIBRARY ARCHIVES Kerala Legislative Assembly

(iii) Prof. B.Hridayakumari - Member

(iv) Dr. M.S.R.Dev - "

Ex-Officio Members

(i) Secretary, Information Technology

(ii) Secretary, Local Administration

(iii) Director of Public Instruction

(iv) Director, State Council of Educational Research and Training

(v) Director, SIET

(vi) State Project Director, DPEP

(vii) Special Officer, QIP

(viii) Project Leader IT @ School (Convenor)

(ix) Director, Vocational Higher Secondary Education.

III *PROJECT TEAM*

Dr. Roschen Sasikumar, Consultant, SIET - Project Leader.

The Project team will consists of the following action groups.

1. *Advocacy*

(i) Shri. Sivasankaran (IT Mission Group) - Co-ordinator

(ii) Representative from Local Administration Department - Member

(iii) Public Relations Department - ,,

(iv) Planning Board - ,,

(v) Nominee of Doorsdarsan - ,,

(vi) Nominee of AIR - ,,

(vii)Shri.Rasheed Kanicheri - ,,

(viii)Shri.Ayira Sasi - ,,

2. *External Resource Mobilisation*

(i) Shri. N.K.Mohandas (DPEP) - Co-ordinator

(ii) Shri.Vijayaragavan - Member

LIBRARY ARCHIVES Kerala Legislative Assembly

(iii) Dr.Krishnan (ER &DCI) - Member

(iv) Shri.M.R.Narayanan (Transmatics) - "

(v) Shri.Satish Babu (Internet Applications Group Technopark) - "

(vi)Shri.P.M.Jyothish (I-KIN) - "

3. *Hardware*

(i) Prof. S.K.Mohan (Engineering College, Thiruvananthapuram) - Co-ordinator

(ii) Shri.Sasi (IT Mission Group) - Member

(iii) Dr.V.P.Kulkarni - ,,

(iv) Shri.S.Rajeev - ,,

(v) Shri. B.Ramani (ER & DCI) - ,,

(vi) Shri.P.M.Jyothish (I-KIN) - ,,

(vii) Shri. Amarnath Raja (Internet Applications Group, Technopark)

(viii) Shri.Lalaji - ,,

4. *Content Development*

(i) Shri. Ravi Sankar (SCERT) - Co-ordinator

(ii) Shri.V.K.Sasidharan - Member

(iii) Prof.E.Krishnan (University College) - ,,

(iv) Prof.K.N.Ganeshan (Calicut University) - ,,

(v) Dr. Anandan (DPEP) - ,,

(vi) Shri. Mohandas (DPEP) - ,,

(vii) Shri.Satish Babu (INAP) - ,,

(viii) Shri.Umasankar Viswanath (School Net) - ,,

(ix) Shri.Jayaraj (C-DIT) - ,,

5. *Teacher Training*

(i) Shri. Sathyapalan (SCERT) -Co-ordinator

(ii) Shri.Gokuldasan Pillai (SCERT) - Member

(iii) Shri. V.K.Sasidharan ,,

LIBRARY ARCHIVES Kerala Legislative Assembly

(iv) Shri. N.A. P. Thampi (ER & DCI) Member

(v) Dr.Sreedevi (Rtd.Principal, Training College) ,,

(vi) Representatives from INTEL,Microsoft,School Net, JIVA ,,

6. ***Evaluation, Monitoring and Documentation***

(i) Smt. Lalitha (SCERT) Co-ordinator

(ii) Shri.C.Ramakrishnan (KSSP) - Member

(iii) Dr. Shylaja (SCERT) - ,,

(iv) Shri. J. Murali (CDS) - ,,

4. The phasing of the project and the timeline will be as follows

Phase 1 2000 - 2001

IT as teachers resource and training tool.

Set up IT enabled training centres at the State, District and Local levels, devlop IT enabled training modules, complete training of teachers, online refresher courses and develop a central Website.

Phase 2 2001 - 2002

IT as a teaching tool

Build up a minimum computer facilities in schools, develop Multimedia lessons for use in class VIII ; provide regular support to teachers.

Phase 3 2002 - 2003

Full scale integration ; IT as a learning and teaching tool. Set up a full fledged computer aided class rooms, develop self learning packages, undertake training of students in computer skills in addition to its applications as a teaching tool. Start using IT for improvement of school administration.

5. Government are also pleased to release Rs.15 lakhs as startup expenses for the project from the allotment under Educational Technology under the head of account '2202-80-800-81' from the current years budget. Additional financial support for the project will be made available subject

LIBRARY ARCHIVES Kerala Legislative Assembly

to the availbility of funds. Project Team for External Resource Mobilisation will workout details for suitable funding from financial agencies as well as accessing funds from local bodies.

6. The details regarding the administrative and financial matters of the project will be appropriate decided by the Executive Committee of the SIET.

By Order of the Governor

K.JAYAKUMAR
Secretary to Government

To

All the Members (through SIET).
The Principal AG (Audit), Kerala, Thiruvananthapuram.
The AG (A & E), Kerala, Thiruvananthapuram.
The DPI, Thiruvananthapuram.
The Director, SCERT, Thiruvananthapuram.
The Director, SIET,Thiruvananthapuram.
The Spl.Officer, QIP ,SCERT Buildings, Thiruvananthapuram.
The Finance Department.
The Public Relations Department.
The Local Administration Department.
The Planning & EA Department.
The IT Department.
Stock file/Office copy.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[26-2-2001-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 3(94) ന്റെ ഉത്തരം ദയവായി കാണുക]

LIST OF OLDAGE HOMES IN KERALA

Trivandrum

1. Home for the Aged
   S.N.V.Womens Association,
   Saradagiri, Varkala,
   Phone : 602274
2. Care Home,
   Chackai, Trivandrum.
   Phone : 500747